# കേരള സർക്കാർ
## ജലവിഭവ വകുപ്പ്
## ദർഘാസ് പരസ്യം

ഡി.ബി.1/2008

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
പി.വി.ഐ.പി. സബ് ഡിവിഷൻ നം.1,
ഭൂതത്താൻകെട്ട്
തിയ്യതി: 09/03/2018.

കേരള ഗവർണ്ണർക്കുവേണ്ടി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പെരിയാർവാലി ഇറിഗേഷൻ പ്രൊജക്ട് സബ്.ഡിവിഷൻ നമ്പർ-1, ഭൂതത്താൻകെട്ട്. താഴെ പറയുന്ന പ്രവർത്തികൾക്ക് കേരള പൊതുമരാമത്ത്/ജലസേചന വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അംഗീകൃത കരാറുകാരിൽ നിന്നും (സിവിൽ വർക്കുകൾ (സി) യും അതിനു മുകളിലും, ഇലക്ട്രിക്കൽ ബി-യും), മത്സര ദർഘാസുകൾ, പ്രവർത്തിയുടെ പേര് ആലേഖനം ചെയ്തിട്ടുള്ള മുദ്ര വെച്ച പ്രത്യേകം കവറുകളിൽ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസുകൾ **23**.03.2018 പകൽ 3 മണി വരെ സ്വീകരിക്കുന്നതാണ്. ദർഘാസുകൾ പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് മുഖാന്തിരം രജിസ്റ്റേർഡ് തപാലിൽ പോസ്റ്റ് ചെയ്തിട്ടുള്ളതായിരിക്കണം. കൊറിയർ സർവ്വീസ് മുഖാന്തിരമോ, നേരിട്ടോ ഉള്ള ദർഘാസുകൾ സ്വീകരിക്കുന്നതല്ല. തപാലിൽ ഉണ്ടാകുന്ന കാലതാമസങ്ങൾക്ക് ഈ വകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല. ദർഘാസുകൾ സ്വീകരിക്കുന്ന അവസാന ദിവസം അവധി ആയാൽ അതിന്റെ തൊട്ടടുത്ത ദിവസം വൈകുന്നേരം 3 മണി വരെ ദർഘാസുകൾ സ്വീകരിക്കുന്നതാണ്. ടെണ്ടർ തീയ്യതിയിൽ ഉച്ചയ്ക്ക് 3.30 മണിക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ, അദ്ദേഹം ചുമതലപ്പെടുത്തിയ മറ്റ് ഉദ്യോഗസ്ഥനോ അപ്പോൾ ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.

| ക്രമ നമ്പർ | ടെണ്ടർ നമ്പർ | പ്രവർത്തിയുടെ പേരും അടങ്കൽ തുകയും | നിരതദ്രവ്യം രൂപ | ദർഘാസ് പ്രമാണത്തിന്റെ വില (രൂപ) | കാലാവധി |
|---|---|---|---|---|---|
| 1 | 25/ എ ഇ ഇ.1/ പി വി ഐ പി / 2017-18 | പി വി ഐ പി - ഭൂതത്താൻകെട്ട് ഗാർഡന്റെ 2017-18 വർഷത്തെ പരിപാലന വേലകൾ<br>അടങ്കൽ തുക - 3,00,000/ | 7500 | 600 + വാറ്റ് | 12 മാസം |

ദർഘാസ് പ്രമാണത്തിന് വേണ്ടി അയക്കുന്ന തുക യാതൊരു കാരണവശാലും തിരികെ ലഭിക്കുന്നതല്ല. ദർഘാസ് പ്രമാണം താപാൽ മാർഗം ആവശ്യപ്പെടുമ്പോൾ പ്രമാണത്തിന്റെ വിലയ്ക്ക് പുറമ തപാൽ കൂലിയായ 30/- രൂപ (നിലവിലുള്ള തപാൽ ചാർജ്ജ്) അടയ്ക്കേണ്ടതാണ്. ദർഘാസ് പ്രമാണങ്ങൾ ജലവിഭവ വകുപ്പിലെയും പൊതുമരാമത്ത് വകുപ്പിലെയും അംഗീകൃത കരാറുകാർക്ക് മാത്രം ലഭിക്കുന്നതും, അവ കൈമാറ്റം ചെയ്യാൻ പാടില്ലാത്തതും ആകുന്നു. ദർഘാസിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കരാറുകാർ (ലേബർ കോൺട്രാക്ട് സൊസൈറ്റി ഉൾപ്പെടെ) അവരുടെ കോൺട്രാക്ട് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ ഹാജരാക്കേമണ്ടതാണ്. അസിസ്അറ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ അധികാരപ്പെടുത്തിയും ആവശ്യമായ സ്റ്റാമ്പ് ഒട്ടിച്ച് ഒപ്പിട്ടതുമായ നിരത ദ്രവ്യം ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്. 28.04.1990 ജി.ഒ(എം.എസ്.)/39/90/പി.ഡബ്ലിയു.ഡി ഉത്തരവനുസരിച്ച് കരാറുകാർ ദർഘാസിനോടൊപ്പം 200 രൂപയുടെ മുദ്രപ്പത്രത്തിൽ പ്രാഥമിക ഉടമ്പടി കൂടി സമർപ്പിക്കേണ്ടതാണ്. 1989 വർഷത്തിലെ കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് നിയമം അനുസരിച്ച് കരാറുകാരുടെ ഓരോ ബില്ലിൽ നിന്നും ഒരു ശതമാനം കേരള

നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് പിടിക്കുന്നതാണ്. കൂടാതെ 1990 വർഷത്തിലെ കേരള നിർമ്മാണ തൊഴിലാളി വ്യവസ്ഥകളും ഇതിന് ബാധകമാണ്. 21.11.1992-ലെ ജി.ഒ.(എം.എസ്)/96/92 പി.ഡബ്ലിയു.ഡി ഉത്തരവുപ്രകാരമുള്ള ഗ്യാരന്റി പിരീഡിനെ സംബന്ധിക്കുന്ന വ്യവസ്ഥകളും 19/8/97-ലെ ജി.ഒ(പി)84/97/പ.ഡബ്ലിയു.ഡി ഉത്തരവ് പ്രകാരം ജലവിഭവ വകുപ്പിനും പൊതുമരാമത്ത് വകുപ്പിനും ബാധകമായിട്ടുള്ള എല്ലാ നിയമങ്ങളും 13/11/97-ലെ ജി.ഒ(എം.എസ്)135/97 സഹകരണ ഉത്തരവ് പ്രകാരം സർക്കാരിന്റെ കരാർ പണികൾ ലേബർ കോൺട്രാക്ട് സഹകരണ സൊസൈറ്റികൾക്ക് നൽകുന്ന എല്ലാ വ്യവസ്ഥകളും ഈ ദർഘാസിനും ബാധകമാണ്.

മേൽപ്പറഞ്ഞ വ്യവസ്ഥകൾ പാലിക്കപ്പെടാത്ത ദർഘാസുകൾ സ്വീകരിക്കുന്നതല്ല. കേരള ജലവിഭവ വകുപ്പിലേയും പൊതുമരാമത്ത് വകുപ്പിലേയും നിലവിലുള്ള മറ്റ് എല്ലാ വ്യവസ്ഥകളും ഇതിന് ബാധകമാണ്. യാതൊരു കാരണവും ബോധിപ്പിക്കാതെ തന്നെ ദർഘാസ് നിർത്തിവെയ്ക്കുകയോ, നിരസിക്കുകയോ, ചെയ്യുന്നതിനുള്ള അധികാരം താഴെ ഒപ്പു വെച്ചിരിക്കുന്ന ആളിൽ നിക്ഷിപ്തമാണ്.

ദർഘാസ് പ്രമാണങ്ങൾ 20-03.2018 രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ ഈ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. **(ദർഘാസ് പ്രമാണത്തിന്റെ വിലയും അതിന്റെ നികുതിയും പ്രത്യേകം പ്രത്യേകം ചെല്ലാൻ അടച്ച് ഹാജരാകേണ്ടതാണ്)**

| | | |
|---|---|---|
| ദർഘാസ് പ്രമാണങ്ങളുടെ വിൽപ്പന | -**20.03.2018** | രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ |
| ദർഘാസുകൾ സ്വീകരിക്കുന്ന അവസാന ദിവസം | -**23.03.2018** | ഉച്ച കഴിഞ്ഞ് 3 മണി വരെ |
| ദർഘആസുകൾ തുറക്കുന്ന സമയം | -**23.03.2018** | ഉച്ച കഴിഞ്ഞ് 4.00 മണി |

(കേരള ഗവർണ്ണർക്കു വേണ്ടി)
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
പി.വി.ഐ.പി. സബ് ഡിവിഷൻ നമ്പർ -1,
ഭൂതത്താൻകെട്ട്

പെരിയാർവാലി ഇറിഗേഷൻ പ്രൊജക്ട്
സബ്ഡിവിഷൻ നമ്പർ -1 ഭൂതത്താൻകെട്ട്.